പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *180 — 03/10/2016 -ൽ മറുപടിക്ക്

## മലബാർ മേഖലയിലെ ക്യാൻസർ രോഗബാധ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>ശ്രീ.സി.മമ്മൂട്ടി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | മാരകമായ ക്യാൻസർ രോഗത്തിനിരയാവുന്നവരിൽ ബഹു ഭൂരിപക്ഷവും മലപ്പുറം ജില്ല ഉൾപ്പെടുന്ന മലബാർ മേഖലയിൽ നിന്നുള്ളവരാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | കേരളത്തിൽ ക്യാൻസർ രോഗം അനുദിനം വർദ്ധിച്ചുവരുന്നതായിട്ടാണ് റീജിയണൽ ക്യാൻസർ സെന്ററിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നതെങ്കിലും ജില്ല തിരിച്ചുള്ള ക്യാൻസർ രോഗികളുടെ എണ്ണം ലഭ്യമല്ല. മലബാർ മേഖലയുടെ പ്രത്യേകം കണക്കുകൾ ലഭ്യമല്ല. |
| (ബി) | പ്രസ്തുത മേഖലയിൽ രോഗം ക്രമാതീതമാകാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന കാര്യം അപഗ്രഥിച്ചിട്ടുണ്ടോ; | ബി) | ക്യാൻസർ രോഗം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ഒരുപോലെ ബാധിച്ചിരിക്കുന്ന ഒരു വലിയ ആരോഗ്യ പ്രതിസന്ധിയാണ്. ഇതിൽ സാമ്പത്തികവും സാമൂഹികവും പ്രാദേശികവുമായ വേർതിരിവുകളൊന്നും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. പുകയില, മദ്യം, ഭക്ഷണരീതി, തൊഴിൽ മേഖല, റേഡിയേഷൻ തുടങ്ങിയ വിവിധ കാരണങ്ങളാൽ ക്യാൻസർ രോഗം വർദ്ധിക്കാൻ കാരണമാകുന്നു. എന്നാൽ മലബാർ മേഖലയിൽ പ്രത്യേകിച്ച് ഏതെങ്കിലും ക്യാൻസർ ക്രമാതീതമായി വർദ്ധിച്ചതായി ശാസ്ത്രീയമായ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. |
| സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആധികാരിക പഠനം നടത്തിയും കാരണങ്ങൾ കണ്ടെത്തിയും പ്രായോഗിക പ്രതിവിധികൾ രൂപപ്പെടുത്തി അവ സമയബന്ധിതമായി നടപ്പാക്കുമോ? | സി) | കേരളത്തിലെ ക്യാൻസർ രോഗത്തെക്കുറിച്ച് വിദഗ്ധ പഠനം നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പ്രായോഗിക പ്രതിവിധികൾ രൂപപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ